# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7208 — 11.07.14 ൽ - മറുപടിക്ക്

## <u>റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) 31.05.2014 ലെ സ.ഉ(കൈ)നം.18/14/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ സമ്പ്രദായത്തിന്റെ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഓപ്പൺ ടെണ്ടർ മുഖേന **System Integrator**-നെ നിയമിക്കുന്നതിനും **Detailed Project Report (DPR)** - ൽ പരാമർശിക്കുന്ന വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് **EoI (Expression of Interest)** മുഖാന്തിരമോ **RFP (Request for Proposal)** മുഖാന്തിരമോ സുതാര്യമായ ടെണ്ടർ പ്രക്രിയകളിലൂടെ സർവ്വീസ് പ്രൊവൈഡറിനേയോ കമ്പനികളെയോ തെരഞ്ഞെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, ടി പദ്ധതിയുടെ ഭാഗമായി, റേഷൻസാധനങ്ങൾ റേഷൻ കടകളിൽ ഡോർ ടു ഡോർ ഡെലിവറി മുഖാന്തിരം എത്തിക്കുന്നതിന്റെ നടത്തിപ്പും മേൽനോട്ടവും സപ്ലൈകോയെ ഏൽപ്പിക്കുന്നതിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) ഒരു റേഷൻകട കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എന്ത് തുകയാണ് ചെലവു വരുന്നത്; ഇത് ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) **DPR** പ്രകാരം ഒരു റേഷൻകട കമ്പ്യൂട്ടർ-വൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനു-മായി ഏകദേശം 70,000/- രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പ്യൂട്ടർവൽ-ക്കരണത്തിന് വേണ്ടി **End to End Computerisation** പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം "3456-00-001-86" ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ